താലൂക്കുകളുടെ രൂപീകരണം

181(3103) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതുതായി താലൂക്കുകൾ ആരംഭിക്കുന്നകാര്യം പരിഗണനയിലുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതുതായി എത്ര താലൂക്കുകൾ ആരംഭിച്ചിട്ടുണ്ട് ; ലിസ്റ്റ് സഹിതം വിശദവിവരം നൽകുമോ ;

(സി) പുതുതായി വില്ലേജ് ഓഫീസുകളും താലൂക്കുകളും ആരംഭിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങളുടെ വിശദാംശം നൽകുമോ ;

(ഡി) ഇത്തരത്തിൽ പാലക്കാട് ജില്ലയിലെ അസംബ്ലി മണ്ഡലങ്ങളിലെ ഏതെങ്കിലും പ്രൊപ്പോസൽ പരിഗണനയിലുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ ?

ഉത്തരം

(എ) പുതിയ താലൂക്കുകളുടെ രൂപീകരണം സംബന്ധിച്ച വിഷയം ഇപ്പോൾ പരിഗണനയിലില്ല.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 12 പുതിയ താലൂക്കുകൾ ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത താലൂക്കുകളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു. *

(സി) നിയമസഭാ മണ്ഡലങ്ങൾ പുനഃസംഘടിപ്പിക്കപ്പെട്ടതിനെ തുടർന്നുണ്ടായ സാഹചര്യങ്ങൾ, ഭരണപരമായ സൗകര്യങ്ങൾ, സംസ്ഥാനത്ത് നിലവിലുള്ള താലൂക്കുകൾ, വില്ലേജുകൾ എന്നിവ അവയുടെ വിസ്തീർണ്ണം, ജനസംഖ്യ, ഓരോ പ്രദേശത്തിന്റെയും പിന്നോക്കാവസ്ഥ, സംസ്ഥാനത്ത് നിലനിൽക്കുന്ന ത്രിതല പഞ്ചായത്തീരാജ് സംവിധാനം, വികസന സാധ്യത, ജനങ്ങളുടെ യാത്രാ

*ലൈബ്രറിയിൽവെച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

സൗകര്യം, ഭൂപ്രകൃതി അനുസരിച്ചുള്ള അതിർത്തികൾ, ജനപ്രതിനിധികളുടെ ആവശ്യം എന്നീ കാര്യങ്ങൾ പരിശോധിച്ചും അതോടൊപ്പം സർക്കാരിന്റെ സാമ്പത്തിക സ്ഥിതിയും പരിഗണിച്ചാണ് പുതുതായി വില്ലേജുകളും താലൂക്കുകളും ആരംഭിക്കുന്നത്.

(ഡി) ഇല്ല. സംസ്ഥാനത്ത് പുതുതായി രൂപീകരിച്ച 12 താലൂക്കുകളിൽ പട്ടാമ്പി ആസ്ഥാനമായി പുതിയ താലൂക്ക് രൂപീകരിച്ചിട്ടുണ്ട്.

ട്രിവാൻഡ്രം ഗോൾഫ് ക്ലബ് ഡൈനിംഗ് ഹാൾ വാടകയിനത്തിൽ ലഭിച്ച തുക

182(3104) ശ്രീ. മാത്യു. റ്റി. തോമസ് :
ശ്രീമതി ജമീല പ്രകാശം :
ശ്രീ. ജോസ് തെറ്റയിൽ :
ശ്രീ. സി. കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ട്രിവാൻഡ്രം ഗോൾഫ് ക്ലബ് സ്പോർട്സ് അതോറിറ്റി ഓഫ് ഇൻഡ്യ ഏറ്റെടുത്തശേഷം ഇവിടത്തെ ഡൈനിംഗ് ഹാൾ വാടകയ്ക്ക് നൽകുന്നുണ്ടോ ; വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

(ബി) വാടക ഇനത്തിൽ എത്രരൂപ ഇതിനകം ലഭിച്ചു എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

എളങ്കുന്നപ്പുഴ വില്ലേജിലെ താമസക്കാർക്ക് പട്ടയം

183(3105) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വർഷങ്ങളായി പുറമ്പോക്ക് ഭൂമിയിൽ താമസിച്ചുവരുന്ന എളങ്കുന്നപ്പുഴ വില്ലേജിലെ താമസക്കാർക്ക് പട്ടയം ലഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ;

(ബി) പട്ടയം അനുവദിച്ചു കിട്ടുന്നതിന് എളങ്കുന്നപ്പുഴ വില്ലേജിൽ നിന്നും എത്ര അപേക്ഷകളാണ് ലഭിച്ചതെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly